## ശ്രദ്ധക്ഷണിക്കൽ

### തുറമുഖങ്ങളുടെ നവീകരണം

ശ്രീ. കെ. എം. ഷാജി : സർ, ലോകമാകെ ജലമാർഗ്ഗമുള്ള ഗതാഗതത്തെ കാര്യമായി പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് അനുദിനം സ്വീകരിച്ചുവരുന്നത്. ഇന്ത്യയിൽ 7516 കി. മീ. ദൈർഘ്യമുള്ള തീരദേശവും 187 ചെറുകിട-ഇടത്തരം തുറമുഖങ്ങളും 13 മേജർ തുറമുഖങ്ങളുമുണ്ട്. മേജർ പോർട്ടുകളിൽ മാത്രം മൊത്തത്തിൽ കാർഗോയുടെ 74% കൈകാര്യം ചെയ്യുന്നുവെന്നാണ് കണക്ക്. മേജർ പോർട്ടുകൾ കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം നേരിട്ട് കാര്യനിർവ്വഹണം നടത്തുമ്പോൾ ചെറുകിട-ഇടത്തരം തുറമുഖങ്ങളുടെ കാര്യനിർവ്വഹണം രാജ്യത്തെ ഒമ്പത് തീരദേശ സംസ്ഥാനങ്ങൾ നേരിട്ട് നിർവ്വഹിക്കുകയാണ്. കേരളത്തിൽ 590 കി. മീ. ദൈർഘ്യമുള്ള തീരദേശമുണ്ട്. ഒരു വൻകിട തുറമുഖവും ചെറുകിട-ഇടത്തരം തുറമുഖങ്ങളായി 17 എണ്ണവും നമുക്കുണ്ട്. ധാരാളം സാധ്യതകളുള്ള ഒരു മേഖലയാണ് കേരളത്തിലെ തുറമുഖങ്ങൾക്കുള്ളത്. അഴീക്കൽ, ബേപ്പൂർ, പൊന്നാനി, ആലപ്പുഴ, കൊല്ലം, വിഴിഞ്ഞം തുടങ്ങിയ തുറമുഖങ്ങളുടെ സാധ്യത ഉപയുക്തമാക്കുവാനുള്ള കാര്യമായ പദ്ധതികളൊന്നും മുൻകാലങ്ങളിൽ സ്വീകരിച്ചതായി കാണുന്നില്ല. കേരളത്തിന്റെ ചരിത്രത്തിൽ ഏറെ പ്രാധാന്യമുള്ളവയാണ് തുറമുഖങ്ങൾ. തുറമുഖങ്ങളോട് അനുബന്ധമായി വലിയ ഒരു വികസന സംസ്ക്കാരമാണ് നമ്മുടെ നാട്ടിൽ നിലനി

ന്നിരുന്നത്. പ്രാചീന കേരള സംസ്ക്കാരത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുള്ള കേരളത്തിലെ തുറമുഖങ്ങളുടെ വികാസപരിണാമം ഏറെ പ്രാധാന്യമർഹിക്കുന്നു. തുറമുഖങ്ങളോട് അനുബന്ധിച്ച് വളർന്ന് വികസിച്ചിരുന്ന വ്യാപാര വാണിജ്യ മേഖല ഇന്ന് പൂർണ്ണമായും അവഗണിക്കപ്പെട്ടിരിക്കുന്നു. അതോടൊപ്പം തുറമുഖത്തെ ആശ്രയിച്ച് ഉപജീവനം നടത്തിയ അനേകായിരങ്ങളുടെ ഉപജീവനം തകർന്നിരിക്കുന്നു. കാലത്തോട് മത്സരിച്ച് അവഗണനയിലായ തുറമുഖങ്ങളുടെ നഷ്ടപ്രതാപം വീണ്ടെടുക്കുക വഴി കേരളത്തിന്റെ തീരദേശത്തിന്റെ ചരിത്രം തിരുത്തിക്കുറിക്കുവാൻ ഈ സർക്കാരിന് സാധിക്കും. ഓരോ തുറമുഖത്തോടും ബന്ധപ്പെട്ട് ധാരാളം തൊഴിലവസരങ്ങളും വ്യാപാര വാണിജ്യ സാധ്യതകളുമാണ് ഉടലെടുക്കുന്നത്. അതുകൂടാതെ ജലമാർഗ്ഗമുള്ള ചരക്ക് ഗതാഗതത്തെ നാം പ്രോത്സാഹിപ്പിക്കണം. റോഡുമാർഗ്ഗമുള്ള ചരക്ക് നീക്കം ചെലവേറിയത് മാത്രമല്ല റോഡിലെ വാഹനങ്ങളുടെ അനിയന്ത്രിതമായ പെരുപ്പം റോഡ് അപകടങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു. റോഡ് മാർഗ്ഗമുള്ള ചരക്ക് നീക്കത്തിന്റെ ഒരു ഭാഗം തീരദേശ കപ്പൽ ഗതാഗതത്തിലൂടെ സാധ്യമാക്കുക വഴി സംസ്ഥാനത്തെ വാണിജ്യ വ്യാപാരമേഖലയ്ക്ക് പുത്തൻ ഉണർവ്വ് നൽകും. കാസർഗോഡ് മുതൽ വിഴിഞ്ഞം വരെയുള്ള തുറമുഖങ്ങളെ ബന്ധപ്പെടുത്തി വൻ വികസന സാധ്യതകളാണ് നമുക്കുള്ളത്. അഴീക്കോട് തുറമുഖത്തിന്റെ സാധ്യതകൾ പൂർണ്ണമായും ഉപയുക്തമാക്കുവാൻ നമുക്ക് സാധിക്കും. ഇതിന് സമഗ്രമായ പദ്ധതികളാണ് നമുക്ക്

വേണ്ടത്. തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കേണ്ടതുണ്ട്. ഇതിനുള്ള പണം സർക്കാരിന് മാത്രം വഹിക്കാനാകുന്നില്ലെങ്കിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ മുൻകൈ എടുക്കണം. സംസ്ഥാനത്ത് 8 ദേശീയ പാതകളും 58 സംസ്ഥാന റോഡുകളുമുണ്ട്. അനുദിനം വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പം മൂലം നട്ടംതിരിയുന്ന പാതകളുടെ ചിത്രത്തിൽ നിന്നും കേരളം പുതിയ പാഠം ഉൾക്കൊള്ളേണ്ടതുണ്ട്. സംസ്ഥാനത്തെ തുറമുഖങ്ങളുമായി ബന്ധിപ്പിച്ച് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം കപ്പൽ നിർമ്മാണം, റിപ്പയറിംഗ്, കണ്ടെയ്നർ സ്റ്റോറേജ് സ്റ്റേഷനുകൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ തുടങ്ങി ധാരാളം മേഖലകളിൽ വികസന മുന്നേറ്റം നടത്തുവാൻ സാധിക്കും. 2010-11-ൽ 2002 കോടി രൂപയുടെ മത്സ്യകയറ്റുമതി നടത്തുവാൻ കേരളത്തിന് കഴിഞ്ഞു. 2009-10-ൽ 1670 കോടി രൂപയുടേതായിരുന്നു കയറ്റുമതി. തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വിപുലീകരണത്തിലൂടെ കയർ, കശുവണ്ടി, മറ്റ് കാർഷിക വിഭവങ്ങൾ എന്നിവയുടെ വ്യാപാര വാണിജ്യത്തോത് ഇനിയും നമുക്ക് വർദ്ധിപ്പിക്കാനാകും. കേരളത്തിലെ പ്രധാന തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് അവയെ പരസ്പരം ബന്ധിപ്പിക്കുന്നതിലൂടെ കേരളത്തിന്റെ വികസന ചരിത്രത്തിൽ മറ്റൊരു നാഴികക്കല്ല് വരികയെന്നത് നിസ്സംശയമാണ്. അന്താരാഷ്ട്ര കപ്പൽ ചാലുമായി കേരള തീരത്തിനുള്ള സാമീപ്യം തുറമുഖങ്ങളുടെ വികസന സാധ്യതയെ വർദ്ധിപ്പിക്കുന്നു. നില

വിൽ വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ എന്നീ മൂന്ന് തുറമുഖങ്ങളിലൂടെ മാത്രമാണ് ചരക്കുകളുടെ കയറ്റിറക്ക് നടന്നുവരുന്നത്. മറ്റുള്ള തുറമുഖ ങ്ങൾ ഏറെക്കുറേ പ്രവർത്തനരഹിതമെന്നുതന്നെ പറയാം. ഇവ നവീക രിച്ച് അവയുടെ സാധ്യത പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ സർക്കാർ സമഗ്രമായ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. കണ്ണൂർ ഹാൻഡ്‌ലൂമി ന്റെയും പവർലൂമിന്റെയും കേന്ദ്രമാണ്. കണ്ണൂരിൽ നിന്നും ഒരു വർഷം 1500 കണ്ടെയ്നറാണ് പുറത്തേയ്ക്ക് പോകുന്നത്. ഇതിൽ 60%-ഉം ചെന്നൈ, തൂത്തുക്കുടി തുടങ്ങിയ പോർട്ടുകൾ വഴിയാണ് ഇപ്പോൾ അയയ്ക്കുന്നത്. പ്ലൈവുഡിന്റെ നാടുകൂടിയായ കണ്ണൂരിൽ ഒരു മാസം മിനിമം 200 കണ്ടെയ്നറാണ് പ്ലൈവുഡിന് മാത്രം വരുന്നത്. അതോ ടൊപ്പം തന്നെ മറ്റ് മരങ്ങളായി 500-ഓളം കണ്ടയ്നറുകൾ കേരളത്തി ലേയ്ക്ക് വരുന്നു. എന്നാൽ ഈ സാധ്യത ഉപയോഗിക്കാൻ കേരളത്തിലെ പോർട്ടുകൾക്ക്, പ്രത്യേകിച്ച് അഴീക്കൽ പോർട്ടിന് സാധിക്കുന്നതാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ അഴീ ക്കൽ ഉൾപ്പെടെയുള്ള തുറമുഖങ്ങളുടെ സാധ്യത പതിന്മടങ്ങ് വർദ്ധിക്കുക യാണ്. ഈ യാഥാർത്ഥ്യം സർക്കാർ ഉൾക്കൊണ്ട് ദീർഘവീക്ഷണ ത്തോടെ സമഗ്രമായ ഒരു പദ്ധതിക്ക് രൂപം നൽകി തുറമുഖങ്ങളുടെ അന ന്തമായ വികസന സാദ്ധ്യതകൾ പൂർണ്ണമായും ഉപയുക്തമാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, കേരളത്തിലെ തുറമുഖങ്ങളുടെ സാദ്ധ്യതകൾ നമുക്ക് ഉപയോഗപ്പെടുത്താൻ ഇതുവരെ സാധിച്ചിട്ടില്ല. തുറമുഖങ്ങളുടെ സാദ്ധ്യത പ്രയോജനപ്പെടുത്തത്തക്കവിധത്തിൽ ചരക്കുഗതാഗതം റോഡുകളിൽ നിന്ന് ജലമാർഗ്ഗമാക്കി മാറ്റുന്നതിന് ലക്ഷ്യംവച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണ് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അഴീക്കൽ തുറമുഖം മുതൽ കേരളത്തിന്റെ തെക്കേയറ്റത്തെ വിഴിഞ്ഞം തുറമുഖം വരെയുള്ള പ്രധാനപ്പെട്ട ചെറുകിട-ഇടത്തരം തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കോസ്റ്റൽ ഷിപ്പിംഗിന്റെ ഭാഗമായ ബൃഹത്തായ ഒരു പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചുവരുന്നു. ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് മൂന്നു ഘട്ടങ്ങളാണുള്ളത്.

തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം.

പദ്ധതി നടപ്പാക്കുവാനുള്ള ഇൻസ്റ്റിറ്റ്യൂഷണൽ അറേഞ്ച്മെന്റ്.

പദ്ധതി നടപ്പാക്കുവാനുള്ള നയപരമായ തീരുമാനവും നടപടികളും.

അടിസ്ഥാന സൗകര്യ വികസനത്തിനായി ഡ്രഡ്ജിംഗ്, വാർഫ് നവീകരണം, മെക്കാനിക്കൽ ഉപകരണങ്ങൾ, ഐ.എസ്.പി.എസ്. കോഡ് നടപ്പാക്കൽ, റെയിൽ റോഡ് കണക്റ്റിവിറ്റി എന്നിവയ്ക്ക് പ്രാധാന്യം നൽകി നടപ്പാക്കിവരുന്നു. മാരിടൈം മേഖലയുടെ സമഗ്രമായ വികസനം ഉറപ്പാക്കുവാൻ 'മാരിടൈം ബോർഡ്' സ്ഥാപിക്കുന്നതിനുള്ള നിയമനിർമ്മാണം അവസാനഘട്ടത്തിലാണ്. കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി പ്രോത്സാഹിപ്പിക്കു

ന്നതിന് ആദ്യത്തെ 5 വർഷംവരെ ഇൻസെന്റീവ് നൽകുന്നത് ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ ആലോചിച്ചുവരുന്നു. റോഡുമാർഗ്ഗമുള്ള ചരക്കു ഗതാഗതത്തിന്റെ ഗണ്യമായ ഒരു പങ്ക് ജലമാർഗ്ഗം സാദ്ധ്യമാകുമ്പോൾ അത് കേരളത്തിലെ വ്യാപാര-വാണിജ്യ മേഖലയിൽ ഒരു വൻകുതിച്ചുചാട്ടത്തിന് കളമൊരുങ്ങുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. തീരദേശമേഖലയ്ക്ക് ഈ പദ്ധതി പുതിയ പ്രതീക്ഷ നൽകുന്നു. പുതിയ സാധ്യതകൾ തുറന്നുവയ്ക്കുകയും ചെയ്യും. കോസ്റ്റൽ ഷിപ്പിംഗ് വഴി സിമെന്റ്, ഭക്ഷ്യധാന്യങ്ങൾ, മാർബിൾ, ഗ്രാനൈറ്റ്, മരം എന്നിവ കേരളത്തിലെ തുറമുഖങ്ങളിലേയ്ക്കും കശുവണ്ടി, റബ്ബർ, കയർ മുതലായവ മറ്റു തുറമുഖങ്ങളിലേയ്ക്കും കൈമാറ്റം ചെയ്യാനാകും. അഴീക്കൽ തുറമുഖത്തിന്റെ വാർഫ് നവീകരണം പൂർത്തിയായി കഴിഞ്ഞു. ബാക്ക് അപ് ഏരിയയുടെ വികസനത്തിന് ഭൂമി അക്വയർ ചെയ്തു. പുതിയ Truck mounted Crane ഏർപ്പെടുത്തി. ആഴം മൂന്ന് മീറ്റർ ആക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. 440 കോടി രൂപയുടെ പദ്ധതി മൂന്നു ഘട്ടങ്ങളിലായി നടപ്പാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആദ്യഘട്ടമെന്നുള്ള നിലയിൽ 180 കോടി രൂപയുടെ ടെണ്ടർ ക്ഷണിച്ചു. ഇവാല്യുവേഷൻ നടത്തിക്കൊണ്ടിരിക്കുന്നു. ബേപ്പൂർ തുറമുഖത്ത് ഐ.എസ്.പി.എസ്. കോഡ് നടപ്പാക്കുന്നതിനും ആഴം മൂന്ന് മീറ്ററിൽ നിന്നും 5 മീറ്ററാക്കുന്നതിന് 8.2 കോടി രൂപയുടെ ടെണ്ടർ ക്ഷണിച്ചു. 160 കോടി രൂപയുടെ ഡെവലപ്മെന്റ്, ഓപ്പറേഷൻ, മെയ്ന്റനൻസ് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ലക്ഷദ്വീപിന്

വേണ്ടി 200 മീറ്റർ ഡെഡിക്കേറ്റഡ് വാർഫ് നിർമ്മിക്കുന്നതിന് 43 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിന് ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൊടുങ്ങല്ലൂർ തുറമുഖത്ത് ഷിപ്പിംഗ് പ്രവർത്തനം നടത്തുന്നതിന് ഐ.ഡബ്ല്യു.എ.-യുടെ വാർഫ് ലഭ്യമായിട്ടു ണ്ട്. ഗുജറാത്തിൽ നിന്നും കൊടുങ്ങല്ലൂർ തുറമുഖം വഴി ഗോതമ്പ് ഇറക്കു മതി നടത്തുന്നതിന് ഇതിനകംതന്നെ ധാരണയായിട്ടുണ്ട്. കൊല്ലം പോർട്ട് ഓപ്പറേറ്റർ നിശ്ചയിക്കുന്നതിന് ടെന്റർ ക്ഷണിച്ചു. 26-ാം തീയതി ടെണ്ടർ തുറക്കും. കണ്ടെയ്നർ ഹാൻറിലിംഗ് ക്രെയിനിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പുതിയ ടഗ്ഗ് ഉടനെ എത്തും. പഴയ ടഗ്ഗ് റിപ്പയറിംഗിന് കൊടുത്തിരിക്കുക യാണ്. ആഴം 9 മീറ്ററാക്കുന്നതിന് നടപടി സ്വീകരിച്ചുക്കൊണ്ടിരിക്കുന്നു. ജനുവരിയിൽ കൊല്ലത്ത് ചരക്കുകപ്പൽ എത്തിക്കുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു. വിഴിഞ്ഞത്തെ പഴയ തുറമുഖത്ത് ആവശ്യമായ അടി സ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. കസ്റ്റംസ് പോർട്ട് ആക്കുന്നതിന് കസ്റ്റംസ് ആക്ട് പ്രകാരം 8 എ ആന്റ് ബി നോട്ടി ഫിക്കേഷൻ ഡിസംബറിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. പൊന്നാനി പോർട്ട് ബി.ഒ.ടി. വ്യവസ്ഥയിൽ വികസിപ്പിക്കുന്നതിന് 760 കോടിയുടെ മ ലബാർ പോർട്സ് പ്രൈവറ്റ് ലിമിറ്റഡ് ചെന്നൈയുമായി കരാറിൽ ഒപ്പി ട്ടുണ്ട്. പരിസ്ഥിതി പഠനത്തിന്റെ ടി.ഒ.ആർ. അനുവദിച്ചുകിട്ടി. പരിസ്ഥിതി പഠനം ഉടനെ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങളിലേയ്ക്ക് കട ക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. കോസ്റ്റൽ ഷിപ്പിംഗ് സംബ

സ്ഡിച്ച് ഡിലോയിറ്റ് തയ്യാറാക്കിയ പദ്ധതി റിപ്പോർട്ട് ചർച്ച ചെയ്യുന്നതിന് സർക്കാർ ഗുണഭോക്താക്കളുടെ ഒരു യോഗം ഇക്കഴിഞ്ഞ ഏപ്രിൽ മാസം 18 ന് വിളിച്ചു ചേർത്തിരുന്നു. ഈ ദിശയിലേയ്ക്കുള്ള നടപടികളുടെ ഭാഗമായി ജലപാതയുടെ രൂപീകരണം സംബന്ധിച്ച് റിപ്പോർട്ട് നൽകുവാൻ ഐ.ഐ.എഫ്.ടി. ഡയറക്ടർ അദ്ധ്യക്ഷനായ ഒരു സമിതിയെ പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവ് ശ്രീ. സാംപിത്രോദയുടെ നേതൃത്വത്തിൽ നിയോഗിച്ചുകഴിഞ്ഞു. ഈ കമ്മിറ്റി നടപടികളുമായി ത്വരിതഗതിയിൽ മുന്നോട്ടു നീങ്ങുന്നു. അതിന്റെ ഭാഗമായി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ഉടനെ രൂപീകരിക്കുന്നതാണ്. തുറമുഖങ്ങളുടെ നവീകരണത്തിനായി ഈ സർക്കാർ ഇതുവരെ 23 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ആലപ്പുഴ തുറമുഖത്ത് മറീന, വാട്ടർ തീം പാർക്ക് എന്നിവ സജ്ജമാക്കുന്നതാണ്. തലശ്ശേരി തുറമുഖം ഒരു ഹെറിറ്റേജ് പോർട്ടായി വികസിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുവാൻ KITCO -യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തലശ്ശേരിയിലെ പിയറും, മുഴുപ്പിലങ്ങാടി ബീച്ചും ധർമ്മടം ദ്വീപും ബന്ധപ്പെടുത്തിയുള്ള ടൂറിസം പദ്ധതിക്കും ലക്ഷ്യം വയ്ക്കുന്നു. വലിയതുറയിൽ തിരുവനന്തപുരത്തിന്റെ ക്യാപ്പിറ്റൽ സിറ്റിപോർട്ടായി വികസിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. കേരളത്തിലെ തുറമുഖങ്ങളിലധികവും പുഴയും കായലും കനാലുമായി ബന്ധപ്പെട്ടുകിടക്കുന്നതിനാൽ ഉൾനാടൻ ജലഗതാഗത വികസനത്തിനും അതുവഴിയുള്ള ടൂറിസ്റ്റ് സഞ്ചാരത്തിനും ചരക്കുഗതാഗതത്തിനും ഈ തുറമുഖങ്ങളെ ഉൾപ്പെടുത്താനാകും. സംസ്ഥാനത്തെ തുറ

മുഖങ്ങൾ വഴിയുള്ള വികസന സാദ്ധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തത്തക്കവിധത്തിൽ ആവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എം. ഷാജി : സർ, ഈ തുറമുഖങ്ങളെയൊക്കെ വികസിപ്പിച്ചുകൊണ്ടു വരുമ്പോഴും ഇവയെത്തമ്മിൽ ലിങ്ക് ചെയ്തുകൊണ്ട് നമ്മുടെ നാട്ടിൽ ജലഗതാഗതത്തിനുള്ള സൗകര്യം വർദ്ധിപ്പിക്കുകയും ബാർജ് പോലുള്ള സാധ്യതകൾ ഉപയോഗിക്കുമോ? കേരളത്തിലൊരു മേജർ പോർട്ട് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ അത് എവിടെയാണ് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. ബാബു : സർ, കേരളത്തിലൊരു മേജർ പോർട്ട് ഇനി കേന്ദ്രഗവൺമെന്റ് അനുവദിക്കുകയാണെങ്കിൽ അത് കണ്ണൂരിലെ അഴീക്കലായിരിക്കണം എന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർമാനെ അദ്ധ്യക്ഷനാക്കിയുള്ള ഒരു ഉപസമിതിയെ പരിശോധനയ്ക്കായി ഷിപ്പിംഗ് മന്ത്രാലയം നിയോഗിച്ചിരുന്നു. അവരുടെ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് കൊടുത്തിട്ടുണ്ട്. ഏതായാലും ഒരു മേജർ പോർട്ട് കേരളത്തിൽ കേന്ദ്രഗവൺമെന്റ് അനുവദിക്കുകയാണെങ്കിൽ അത് അഴീക്കലിലായിരിക്കണം എന്നുള്ള കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനെ തീരുമാനം അറിയിച്ചിട്ടുണ്ട്.

**ഡ്രഗ് ഫോർമുലറി പ്രോട്ടോക്കോൾ**

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് നിയമസഭയിൽ വീണ്ടും അവതരിപ്പിക്കുന്നത്. കേരളത്തിലെ മരുന്നു വ്യാപാരരംഗത്തെ ചൂഷണത്തിനെതിരായി നിരവധി ചർച്ചകളും നിരവധി സബ്മിഷനുകളുമെല്ലാം ഈ സഭ ചർച്ച ചെയ്തതാണ്. മാത്രവു മല്ല കേരള നിയമസഭയുടെ രണ്ട് പ്രധാനപ്പെട്ട കമ്മിറ്റികൾ, 2009-2011-ൽ അന്ന് ശ്രീ. കുട്ടി അഹമ്മദ് കുട്ടി ചെയർമാനായ അഷ്വറൻസ് കമ്മിറ്റിയും 2012-ൽ ശ്രീ. റ്റി. എൻ. പ്രതാപൻ ചെയർമാനായ അനൗദ്യോഗിക ബില്ലു കളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയും ഇതുസംബന്ധിച്ച് വളരെ വ്യക്തമായിട്ടുള്ള റിപ്പോർട്ടുകൾ ഗവൺമെന്റിന് മുമ്പാകെ വച്ചതാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ നിരവധി കാര്യങ്ങൾ ചെയ്തുക്കൊണ്ടിരിക്കു ന്നുണ്ട്. ഒന്നും ചെയ്യുന്നില്ല എന്ന അഭിപ്രായം എനിക്കില്ല. മാറി മാറി വരുന്ന ഗവൺമെന്റുകൾ മരുന്നുവില നിയന്ത്രിക്കുവാൻ ആവശ്യമായ നിലയിലുള്ള പല നടപടികളും സ്വീകരിക്കുന്നുണ്ട്. ഇപ്പോൾ പുതിയതായി ആരംഭിച്ച മെഡിക്കൽ സ്റ്റോറുകളെല്ലാം ഇതിന്റെ ഭാഗമായിട്ടുള്ളതാണ്. നീതി, മാവേലി മെഡിക്കൽ സ്റ്റോറുകളെല്ലാം വില നിയന്ത്രിക്കാൻവേണ്ടി ചെയ്യുന്ന കാര്യങ്ങളാണ്. വിലനിയന്ത്രണവുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റിനല്ല, കേന്ദ്ര ഗവൺമെന്റിനാണ് അതിന്റെ അധികാരം എന്നകാര്യവും നമുക്കറിയാം. പ്രൈസ് കൺട്രോൾ ലിസ്റ്റിലുള്ള മരുന്നു കൾ 74 ഇനം മാത്രമാണെന്ന കാര്യവും നമ്മളെല്ലാം ചർച്ച ചെയ്ത

വിഷയങ്ങളാണ്. പക്ഷേ, ഞാനിവിടെ രണ്ടു പ്രധാനപ്പെട്ട കാര്യങ്ങളാണ് ഉന്നയിക്കുന്നത്. ഒന്ന്, വില നിയന്ത്രിക്കാൻവേണ്ടി സ്പെസിഫിക്കായി ട്ടുള്ള തീരുമാനങ്ങൾ ഈ ഗവൺമെന്റ് എടുക്കണം. അക്കാര്യത്തിൽ ഭര ണകക്ഷി-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഈ ഗവൺമെന്റ് ഒരു നയപര മായ, ശക്തമായ തീരുമാനം എടുത്തുകൊണ്ട് ആ മേഖലയിലേയ്ക്ക് വന്നാൽ നമ്മുടെ കേരളത്തിലെ മെഡിക്കൽ വ്യാപാര രംഗത്ത് നടന്നു കൊണ്ടിരിക്കുന്ന വളരെ ഗുരുതരമായ ചൂഷണം അവസാനിപ്പിക്കാൻ കഴി യും. കേരളത്തിൽ 3500 കോടിയോളം രൂപയുടെ മരുന്നാണ് പ്രതിവർഷം വിറ്റുകൊണ്ടിരിക്കുന്നത്. 19000 ത്തോളം വരുന്ന മെഡിക്കൽ സ്റ്റോറുക ളിലൂടെ വിറ്റഴിക്കപ്പെട്ടുകൊണ്ടിരിക്കുന്ന മരുന്നുകളുടെ കണക്കാണിത്. ഇത് ഇന്ത്യയുടെ ശരാശരി ജനസംഖ്യയുമായി വച്ചുനോക്കുമ്പോൾ ഇന്ത്യൻ ജനസംഖ്യയുടെ മൂന്ന് ശതമാനമാണ്. കേരളത്തിലെ ജനസംഖ്യ യെങ്കിലും 17, 18 ശതമാനത്തോളം വരുന്ന മരുന്നു വിൽപ്പന കേരളത്തി ലാണ് നടക്കുന്നത്. ഏറ്റവും അധികം മരുന്നുവിൽപ്പന നടത്തിക്കൊ ണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് സർക്കാർ ആശുപ ത്രികളിലൂടെയും അതുപോലെ ഔട്ട്ലെറ്റുകളിലൂടെയും ജനറിക് നെയിമിൽ മരുന്നുകൾ വിൽപ്പന നടത്താൻ പോകുന്നുവെന്ന് ബഹുമാന്യ നായ മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും കഴിഞ്ഞ ദിവസം പറ യുകയുണ്ടായി. ഞാൻ ഇവിടെ ഉന്നയിക്കാൻ പോകുന്ന വിഷയം, ജന റിക് നെയിമിൽ മരുന്നുകൾ വിൽപ്പന നടത്തിയാൽ മാത്രംപോര,.......

ഡോക്ടർമാർ ജനറിക് നാമത്തിൽ മാത്രമേ മരുന്നുകുറിക്കാൻ പാടുള്ളു എന്ന് 1975-ൽ കേന്ദ്രസർക്കാർ നിയോഗിച്ച ഹാത്തി കമ്മിറ്റി റിപ്പോർട്ടിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. എന്നുമാത്രമല്ല കോഡ് ഓഫ് മെഡിക്കൽ എഥിക്സിൽ വളരെ വ്യക്തമായി പറയുന്ന കാര്യം, Every Physicians should prescribe medicines in generic names only. May എന്നല്ല പറയുന്നത്, should prescribe എന്നാണ്. മെഡിക്കൽ എഥിക്സിന്റെ ക്ലോസ് 1(5)-ൽ പറയുന്ന വളരെ പ്രധാനപ്പെട്ട ഒരു നിർദ്ദേശം, 2008-ലെ നിയമത്തിൽ നോട്ടിഫൈ ചെയ്തിരിക്കുന്ന ജനറിക് നാമത്തിൽ മാത്രമേ മരുന്നുകൾ എഴുതാൻ പാടുള്ളു എന്നുപറയുന്ന മെഡിക്കൽ എഥിക്സിലെ പ്രധാനപ്പെട്ട ഭാഗം നിയമപ്രാബല്യമുള്ള ഒരു വിഷയമാണ്. ജനറിക് നാമത്തിൽ മാത്രമേ മരുന്ന് എഴുതാവൂയെന്ന നിയമം ഹരിയാന ഗവൺമെന്റ് കഴിഞ്ഞ കുറെയേറെ വർഷങ്ങളായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ജനറിക് നാമത്തിലുള്ള മരുന്നുകൾ ക്വാളിറ്റി ഇല്ലാത്ത മരുന്നുകളാണ് എന്നുള്ള വ്യാജപ്രചരണമാണ് വാസ്തവത്തിൽ ഡോക്ടർമാർ ഇവിടെ പ്രചരിപ്പിച്ചുക്കൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യത്തെ മരുന്നു നിർമ്മാണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നിയമങ്ങളെയെല്ലാം വെല്ലുവിളിക്കുന്ന ഒരു പ്രചരണം മാത്രമാണിത്. വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ പറയുന്ന പ്രധാനപ്പെട്ട ഒരുകാര്യം ഇവിടെ ഞാൻ വായിക്കുകയാണ്. Generic drugs are frequently as effective as,

but much cheaper than brand name drugs. അതായത് ബ്രാന്റ് നെയിം എന്നുപറയുന്നത്, Brand name is the name given to the drug by the manufacturer. ഉൽപ്പാദകരായിരിക്കുന്ന കമ്പനികൾ കൊടുക്കുന്ന പേരാണ് ബ്രാന്റ് നെയിം. ഫാർമക്കോളജിയുടെ ഭാഗമായി എം.ബി.ബി.എസ്.-ന് പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഫാർമക്കോളജി വിഷയത്തിന്റെ ഭാഗമായി പഠിപ്പിക്കുന്നതെല്ലാം ജനറിക് നെയിമിൽ മാത്രമാണ്. ഒരിക്കലും ബ്രാന്റ് നെയിമിൽ ഡോക്ടർമാരെ പഠിപ്പിക്കുന്നില്ല. കമ്പനിയുടെ റെപ്രസെന്റേറ്റീവ്സ് വന്ന് അവർക്കുവേണ്ട കമ്മീഷൻ ഉൾപ്പെടെ പറയുന്നതിന്റെ ഭാഗമായിട്ടാണ് ബ്രാന്റ് നെയിമുകൾ ഡോക്ടർമരെ പഠിപ്പിക്കുന്നത്. വിദ്യാഭ്യാസത്തിന്റെ ഭാഗമായി ജനറിക് നെയിമിൽ പഠിപ്പിക്കുകയും മെഡിക്കൽ എഥിക്സിൽ ജനറിക് നെയിം മാത്രമേ എഴുതാൻ പാടുള്ളു എന്നുപറയുകയും ഹരിയാന പോലുള്ള സംസ്ഥാനത്ത് ജനറിക് നെയിമിൽ എഴുതിക്കൊണ്ടിരിക്കുകയും ചെയ്തിട്ട് ഒരു കഴുപ്പവും ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, ഇക്കാര്യത്തിൽ ഗവൺമെന്റ് ജനറിക് നെയിമിൽ മാത്രമേ നമ്മുടെ ഡോക്ടർമാർ മരുന്നെഴുതാൻ പാടുള്ളു എന്ന തീരുമാനമെടുക്കണം. ഞാൻ രണ്ട് മൂന്ന് മരുന്നുകളുടെ കാര്യം ഇവിടെ സൂചിപ്പിക്കുകയാണ്. പലതവണ ഇവിടെ പറഞ്ഞിട്ടുള്ള കാര്യമാണ്. അതായത് പാക്ലിടാക്സിൽ എന്ന ഇഞ്ചക്ഷൻ ക്യാൻസർ രോഗത്തിന് ചികിത്സിക്കുന്ന മരുന്നാണ്. അതിന്റെ സി & എഫ് ഏജൻസിയുടെ റേറ്റ് 1390 രൂപയാണ്. പക്ഷേ അതിന്റെ എം.ആർ.പി. റേറ്റ് 14000

രൂപയാണ്. നമ്മുടെ സംസ്ഥാനത്ത് മരുന്നുകളുടെ വിതരണവുമായി ബന്ധപ്പെട്ടുകൊണ്ട് ഫാർമ കമ്പനികൾ മരുന്ന് ഉൽപ്പാദിപ്പിച്ചുകഴിഞ്ഞാൽ അത് നേരിട്ട് സി & എഫ് ഏജൻസിക്കോ സൂപ്പർ സ്റ്റോക്കിസ്റ്റ്, ഹോൾസെയിൽ ഡീലർമാർ തുടങ്ങി താഴെയറ്റത്തുള്ള റീട്ടെയിൽ ഡീലർമാർ വരെയുള്ളവരുടെ ഒരു ശൃംഖലയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.......

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, രണ്ട് മിനിട്ട്കൂടി വേണം. പ്രധാനപ്പെട്ട കാര്യമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു മിനിട്ട്....

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, രണ്ട് മിനിട്ട് വേണം. ഇവിടെ പാക്ലിടാക്സിൽ ഇഞ്ചക്ഷന്റെ എം.ആർ.പി. റേറ്റ് 14000 രൂപയും സി & എഫ് ഏജൻസിക്ക് കിട്ടിക്കൊണ്ടിരിക്കുന്നത് 1390 രൂപയ്ക്കുമാണ്. 1390 രൂപയ്ക്ക് സി & എഫ് ഏജൻസിക്ക് ലഭിക്കുന്ന മരുന്നാണ് 14000 രൂപയ്ക്ക് മാർക്കറ്റിൽ വിറ്റഴിച്ചുകൊണ്ടിരിക്കുന്നത്. പല മരുന്നുകളും ഇതുപോലെ വിറ്റഴിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ നമുക്കറിയാം, രക്തം കട്ടപിടിക്കാതിരിക്കുന്നതിനുവേണ്ടി ക്ലോപ്പിഡോഗ്രൽ എന്ന 75 mg -യുടെ മരുന്നിന് കേവലം 28 രൂപയാണ് ഒരു കമ്പനിയുടെ വില. മറ്റൊരു കമ്പനിയുടെ ഇതേ മരുന്നിന്റെ വില 1580 രൂപയാണ്. 5800 ശതമാനമാണ് വർദ്ധനവ്. ഇവിടെ ഡോക്ടർമാർ ജെനറിക് നെയിമിൽ

മാത്രമേ മരുന്നുകൾ എഴുതൂ എന്ന് തീരുമാനിച്ചുകഴിഞ്ഞാൽ രോഗിക്ക് ഇഷ്ടമുള്ള മരുന്ന് തെരഞ്ഞെടുക്കുന്നതിനുള്ള അവസരം ലഭിക്കുകയാണ്. ഇതിലൂടെ ഡോക്ടർമാരും മരുന്നുകമ്പനികളും തമ്മിലുള്ള അവിഹിതബന്ധത്തെ അവസാനിപ്പിക്കാൻ കഴിയും. ഇത് ഗവൺമെന്റ് പറയുന്നതല്ല. മെഡിക്കൽ എഥിക്സിൽ പറയുന്ന കാര്യമാണ്. ഗവൺമെന്റ് പുതിയതായി ഒരു നയം കൊണ്ടുവരുന്നതല്ല. അതുകൊണ്ട് ഡോക്ടർമാർക്കോ ഇന്ത്യൻ മെഡിക്കൽ കൗൺസിലിനോ എതിർക്കാൻ കഴിയുന്ന കാര്യമല്ല. മറ്റൊരു പ്രധാനപ്പെട്ട നിർദ്ദേശം എനിക്ക് വയ്ക്കാനുള്ളത് നമ്മുടെ സംസ്ഥാനത്ത് മദ്യവ്യാപാരം നടത്തിക്കൊണ്ടിരിക്കുന്നത് സർക്കാരാണ്. വിദേശ മദ്യവ്യാപാരം പൂർണ്ണമായും സംസ്ഥാന സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. അതുകൊണ്ട് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്, നമ്മുടെ സംസ്ഥാനത്ത് ഫാർമസി കമ്പനികളുടെ കയ്യിൽനിന്നും നേരിട്ട് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മരുന്ന് വാങ്ങുന്നുണ്ട്. ആ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ ബൈലോയിൽ ഭേദഗതി വരുത്തി മെഡിക്കൽ സർവ്വീസ് കോർപ്പറേഷനേയും കൺസ്യൂമർഫെഡ് പോലുള്ള സ്ഥാപനങ്ങളെയും ഈ മരുന്ന് വാങ്ങുന്നതിന്റെ ഹോൾസെയിൽ ഡീലർമാരായി, സൂപ്പർ സ്റ്റോക്കിസ്റ്റുകളാക്കി, സി &എഫ് ഏജൻസികളാക്കി മാറ്റിക്കഴിഞ്ഞാൽ ഈ പാക്ലിടാക്സിൽ ഇഞ്ചക്ഷൻ 1390 രൂപയ്ക്കുവാങ്ങി കേവലമൊരു സർവ്വീസ് മാർജിൻ മാത്രമെടുത്ത് നമ്മുടെ 19000 -ഓളം വരുന്ന മെഡിക്കൽ

ഷോപ്പുകളിലൂടെ വിതരണം ചെയ്യുകയാണെങ്കിൽ മരുന്ന് വിലകുറച്ച് നല്കാൻ കഴിയും. രണ്ട് കാര്യമാണ്, ഒന്ന് ജനറിക് നെയിമിൽ മരുന്നുകൾ എഴുതാനുള്ള തീരുമാനമെടുക്കണം, രണ്ടാമത്തെ കാര്യം, ഹോൾസെയിൽ വ്യാപാരവും സി & എഫ് ഏജൻസിയും അതിന്റെ മോണോപ്പൊളി സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത്, ഇവിടെ പതിനായിരക്കണക്കിന് കോടിരൂപയുടെ മദ്യവ്യാപാരം നടക്കുന്നതുപോലെ ഇത് ഏറ്റെടുക്കാൻ കഴിഞ്ഞാൽ സംസ്ഥാന ഗവൺമെന്റിന് വിപ്ലവകരമായ മാറ്റം ഈ മേഖലയിലുണ്ടാക്കാൻ കഴിയും. ഈയൊരു നിർദ്ദേശം ഗവൺമെന്റ് പൂർണ്ണമായും അംഗീകരിക്കണം, ഇതിൽ രാഷ്ട്രീയം ഉണ്ടാകരുത്. ഭരണ -പ്രതിപക്ഷ വ്യത്യാസമില്ലാതെ ഈ നിർദ്ദേശം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സർ, കേരളത്തിലെ മരുന്നുകളുടെ ഉപയോഗം സംബന്ധിച്ച് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സെൻട്രൽ ഡ്രഗ്സ് ഫോർമുലറി കമ്മിറ്റി തയ്യാറാക്കിയ ഡ്രഗ്സ് ഫോർമുല നിലവിലുണ്ട്. ഇതിന്റെ ഭാഗമായി വിവിധതരം ആശുപത്രികളിൽ ഉപയോഗിക്കാനുള്ള എസൻഷ്യൽ ഡ്രഗ്സ് ലിസ്റ്റ് ലഭ്യമാണ്. ഈ ലിസ്റ്റുകളനുസരിച്ച് ആശുപത്രികളുടെ ആവശ്യാനുസരണം തയ്യാറാക്കുന്ന ഇൻഡന്റ് അനുസരിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ജനറിക് മരു

ന്നുകൾ സംഭരിച്ച് ആശുപത്രികൾക്ക് വിതരണം ചെയ്തുവരുന്നു. ആദായ നികുതി അടയ്ക്കുന്നവരൊഴികെയുള്ള രോഗികൾക്കാവശ്യമായ മുഴുവൻ ജനറിക് മരുന്നുകളും ഒ.പി/ഐ.പി. വഴി നവംബർ ഒന്നുമുതൽ സൗജന്യമായി ആശുപത്രികളിൽ വിതരണം ചെയ്യും. ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ചെയർമാനായി റാഷണൽ പ്രിസ്ക്രൈബിംഗ് പ്രാക്ടീസസ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഫാർമക്കോളജി, ക്ലിനിക്കൽ, മൈക്രോബയോളജി, പൊതുജനാരോഗ്യം തുടങ്ങിയ വിഭാഗങ്ങളിലെ വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് പ്രൈമറി-സെക്കണ്ടറി, മെഡിക്കൽ കോളേജുതലങ്ങളിൽ പ്രിസ്ക്രൈബ് ചെയ്യേണ്ട മരുന്നുകളുടെ ഒരു ലിസ്സ് തയ്യാറാക്കിയിട്ടുണ്ട്. ഈ ലിസ്റ്റിന്മേലുള്ള പരാതികളും നിർദ്ദേശങ്ങളും ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇവ പരിശോധിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നതും ഈ ലിസ്റ്റിൽപ്പെട്ട മരുന്നുകൾ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന സംഭരിച്ച് എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാക്കുന്നതിനുവേണ്ടിയാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇത് നടപ്പിലാക്കിക്കഴിയുമ്പോൾ പുറത്തേയ്ക്ക് പ്രിസ്ക്രിപ്ഷൻ കൊടുക്കുന്നത് അനുവദിക്കുന്നതല്ല. ഈ ലിസ്റ്റിനുപുറത്ത് വില കൂടിയ മരുന്നുകളുടെ ആവശ്യമുണ്ടാവുകയാണെങ്കിൽ അതിന് അനുവാദം നല്കുന്നതിനായി വിവിധ വിഭാഗത്തിൽപ്പെട്ട വിദഗ്ദ്ധന്മാർ അടങ്ങുന്ന മൾട്ടി സ്പെഷ്യാലിറ്റി കമ്മിറ്റി എല്ലാ മെഡിക്കൽ കോളേജുകളിലും

രൂപീകരിക്കുന്നതാണ്. വിലകൂടിയ മരുന്നുകളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചു, അതിനുവേണ്ടുന്ന ഒരു സംവിധാനമെന്ന നിലയിലാണ് ഈ മൾട്ടി സ്പെഷ്യാലിറ്റി കമ്മിറ്റി രൂപീകരിക്കുന്നതിനുവേണ്ടി തീരുമാനിച്ചിട്ടുള്ളത്. എല്ലാ ഡോക്ടർമാരും ജനറിക് മരുന്നുകൾതന്നെ നിഷ്കർഷിക്കാൻ കേന്ദ്ര നിയമനിർമ്മാണം ആവശ്യമാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 1975-ൽ കേന്ദ്ര സർക്കാർ നിയോഗിച്ച ഹാത്തി കമ്മിറ്റി ഇത്തരം ഒരു നിയമനിർമ്മാണം ആവശ്യമാണെന്ന് ശുപാർശ ചെയ്യുകയുണ്ടായി. പക്ഷേ അതുമായി ബന്ധപ്പെട്ട് പല കേസുകളും കോടതിയിൽ നിലനില്ക്കുന്നതുകൊണ്ട്, വിവിധ കാരണങ്ങളാൽ അത് ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. മരുന്നുവില കുറയ്ക്കുന്നതിനായി മരുന്ന് കമ്പോളത്തിൽ മാർക്കറ്റ് ഇന്റർവെൻഷൻ നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായിട്ടാണ് ജനറിക് മരുന്നുകൾ നവംബർ ഒന്നുമുതൽ സൗജന്യമായി വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്തിട്ടുള്ളത്. അതുകൂടാതെ ഈ വർഷം 35 കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമേ സർക്കാർ ഇപ്പോൾ നടത്തിവരുന്ന നീതി, മാവേലി, എച്ച്.ഡി.സി തുടങ്ങിയ മെഡിക്കൽ സ്റ്റോറുകളും കൂടിയാകുമ്പോൾ കമ്പോളവില ഒരു പരിധിവരെ നിയന്ത്രിച്ചുനിറുത്താൻ സാധ്യമാകും എന്നാണ് ഗവൺമെന്റ് വിശ്വസിക്കുന്നത്. കൂടുതൽ ഇടപെടൽ ആവശ്യമാണെന്ന് കാണുന്നപക്ഷം സർക്കാർ തലത്തിൽ കൂടു

തൽ മെഡിക്കൽസ്റ്റോറുകൾ ആരംഭിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച മറ്റൊരു പ്രധാനപ്പെട്ട കാര്യം-പതിനാറായിരത്തോളം വരുന്ന മരുന്ന് കച്ചവടക്കാർ, ബിവറേജസ് കോർപ്പറേഷൻ മോഡലിൽ ഏറ്റെടുത്ത് സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കണമെന്നുള്ളതാണ്. എന്തായിരുന്നാലും 12500-ഓളം വരുന്ന റീട്ടെയിൽ മെഡിക്കൽ ഷോപ്പുകളും 4000-ത്തോളം വരുന്ന ഹോൾസെയിൽ വിതരണക്കാരും ഉൾപ്പെടെയുള്ള മരുന്ന് കച്ചവടക്കാരുടെ ബിസിനസ് ഏറ്റെടുക്കുന്ന കാര്യം, സർക്കാർ കമ്പോളത്തിൽ ഇന്റർവെൻഷൻ നടത്താൻ തീരുമാനിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ ഇപ്പോൾ ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലില്ല. കാരണം പതിനായിരക്കണക്കിന് ജീവനക്കാരേയും അവരുടെ കുടുംബങ്ങളുടെ ഉപജീവനത്തേയും പ്രതികൂലമായി ബാധിക്കുന്ന ഒരു പ്രശ്നമായതിനാൽ ഇതിനെക്കുറിച്ച് ഗവൺമെന്റ് ഇപ്പോൾ ആലോചിക്കുന്നില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യത്തിൽ തെറ്റിദ്ധരിച്ചിരിക്കുകയാണ്. 19000-ത്തോളം വരുന്ന റീട്ടെയിൽ വ്യാപാരം ഏറ്റെടുക്കണമെന്നല്ല ഞാനാവശ്യപ്പെട്ടത്. അങ്ങയോട് ഞാൻ ആവശ്യപ്പെട്ടത് വളരെ ചുരുങ്ങിയ ആളുകൾ മാത്രമുള്ള സി & എഫ് ഏജൻസിയും ഹോൾസെയിൽ ഡീലർഷിപ്പും ഏറ്റെടുക്കണമെന്നുമാത്രമാണ് ഇവിടെ ബ്രാന്റിഷാപ്പുകൾ നിറുത്തലാക്കിയപ്പോൾ ഒരു കുഴപ്പവും ഉണ്ടായില്ല. നമ്മുടെ രാജ്യത്ത് ബ്രാന്റിഷാപ്പുകൾ നിറുത്തലാക്കിയപ്പോൾ .........

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചോദ്യം മാത്രം ചോദിക്കൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി തെറ്റി ദ്ധരിച്ചതുകൊണ്ട് പറയുകയാണ്. മാത്രവുമല്ല, അദ്ദേഹം പറഞ്ഞത് ഹാത്തി കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കിക്കഴിഞ്ഞാൽ നിയമപരമായി കേന്ദ്ര നിയമത്തിന്റെ ആവശ്യമില്ല. ഹരിയാന ഗവൺമെന്റ് ........

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ, അങ്ങ് സമയമധികമെടുത്താണ് ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചത്. ഇനി ഒരു ചോദ്യം മാത്രം ചോദിക്കൂ. അങ്ങ് 8 മിനിട്ട് എടുത്തു

ശ്രീ. വി. എസ്. സുനിൽ കുമാർ: വളരെ പ്രധാനപ്പെട്ട വിഷയമായതുകൊണ്ടാണ്. ഇവിടെ ജനറിക് നെയിമിൽത്തന്നെ മരുന്നെഴുതണം എന്ന തീരുമാനം, ഒരു നിയമനിർമ്മാണം, അല്ലെങ്കിൽ അതിനാവശ്യമായ ഒരു സ്റ്റാൻഡിംഗ് ഓർഡർ നല്കാൻ സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ? ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഹോൾസെയിൽ എന്നുപറയുന്ന വളരെ ചുരുങ്ങിയ ആളുകൾ മാത്രമുള്ള ഈ മേഖല സർക്കാർ ഏറ്റെടുക്കുകയും റീട്ടെയിൽ വ്യാപാരം നിലനിറുത്തുകയും ഡിസ്ട്രിബ്യൂഷൻ അല്ലെങ്കിൽ സൂപ്പർസ്റ്റോക്കിസ്റ്റ് എന്ന സംവിധാനം മാത്രം സർക്കാർ ഏറ്റെടുക്കുകയും ചെയ്യുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ എന്നതാണ് ചോദ്യം.

ശ്രീ. വി. എസ്. ശിവകുമാർ: സർ, പൊതുവായി എല്ലാ ഡോക്ടർമാരും ജനറിക് മരുന്നുകൾ മാത്രമേ പ്രിസ്ക്രൈബ് ചെയ്യാൻ

പാടുള്ളൂ എന്നുള്ള നിർദ്ദേശം നല്കാൻ കഴിയില്ല. അതിനൊരു കേന്ദ്ര നിയമം ആവശ്യമാണ്. പക്ഷേ സംസ്ഥാന ഗവൺമെന്റ് സർക്കാർ ആശുപത്രികളിൽ നവംബർ ഒന്നുമുതൽ ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്ന പശ്ചാത്തലത്തിൽ ഡോക്ടർമാരുമായി സംസാരിച്ച് അവർക്ക് കർശന നിർദ്ദേശം നല്കുന്നതാണ്. അതുമായി ബന്ധപ്പെട്ട സംഘടനകളുമായി സംസ്ഥാന ഗവൺമെന്റ് ചർച്ച നടത്തുന്നതാണ്. നവംബർ ഒന്നുമുതൽ അത്തരത്തിലുള്ള ഒരു സംവിധാനം കേരളത്തിൽ നിലവിൽ വരും എന്നുള്ള കാര്യത്തിൽ സംശയമില്ല. ഇവിടെ മാർക്കറ്റ് ഇന്റർവെൻഷൻ ഗവൺമെന്റ് ഫലപ്രദമായി നടത്തുമെന്ന് തീരുമാനിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ ആ മേഖലയിലെ റീട്ടെയിൽ ഷോപ്പ് ഉൾപ്പെടെയുള്ളവരേയും 4500-ഓളം വരുന്ന മരുന്നു കച്ചവടക്കാരേയും, ബിവറേജസ് കോർപ്പറേഷൻ ഏറ്റെടുത്തതുപോലെ ഏറ്റെടുക്കുന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ഇപ്പോൾ ആലോചിക്കുന്നില്ല. ഫലപ്രദമായിട്ടുതന്നെ മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(സബ്മിഷൻസ്)

* * * * * * * * * * * * * * * *